Published on 18-03-2018

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 128

# 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 128

# 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

548/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 128

# 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഏപ്രിൽ മാസം 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. 2 ബി വകുപ്പിന്റെ ഭേദഗതി.—(1) 1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്റ്റിലെ (1976-ലെ 46) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 2 ബി വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "ഇരുപത്തിനാലായിരം രൂപ" എന്ന വാക്കുകൾക്കുപകരം "എഴുപത്തിഅയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. പട്ടികയുടെ ഭേദഗതി.—പ്രധാന ആക്റ്റിലെ നിലവിലുള്ള പട്ടികയും ക്ലിപ്ത നിബന്ധനകൾക്കുംപകരം താഴെപ്പറയുന്ന പട്ടികയും ക്ലിപ്തനിബന്ധനകളും ചേർക്കേണ്ടതാണ്, അതായത്:—

"പട്ടിക

[2(1)-ാം വകുപ്പ് *കാണുക*]

പെൻഷൻ നിരക്ക്

| *കാലാവധി* | *പ്രതിമാസമുള്ള പെൻഷൻ നിരക്ക് (രൂപ)* |
|---|---|
| രണ്ടു വർഷത്തിൽ താഴെയുള്ള ഏത് കാലയളവിലേക്കും | 8000 |
| മൊത്തം രണ്ടു വർഷത്തേക്ക് | 8000 |
| മൊത്തം മൂന്നു വർഷത്തേക്ക് | 12000 |
| മൊത്തം നാല് വർഷത്തേക്ക് | 16000 |
| മൊത്തം അഞ്ച് വർഷത്തേക്ക് | 20000 |

എന്നാൽ, ഏതെങ്കിലും ആൾ 2-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം അഞ്ചു വർഷത്തിൽ കൂടുതൽ കാലയളവിൽ ഒരംഗമായി സേവനമനുഷ്ഠിച്ചിട്ടുള്ള പക്ഷം അഞ്ചുവർഷത്തിൽ കൂടുതൽവരുന്ന ഓരോ വർഷത്തേക്കും പ്രതിമാസം ആയിരം രൂപ അധിക പെൻഷനായി അദ്ദേഹത്തിന് നൽകേണ്ടതാണ്:

എന്നുമാത്രമല്ല, പെൻഷന് അർഹമായ മൊത്തം കാലയളവ് കണക്കാക്കുമ്പോൾ അർദ്ധവർഷവും അതിന് മുകളിലുമുള്ള കാലയളവും അടുത്ത പൂർണ്ണവർഷമായി കണക്കാക്കേണ്ടതാണ്:

എന്നുതന്നെയുമല്ല, മുൻ അംഗങ്ങൾക്ക് എഴുപത് വയസ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രതിമാസം മൂവായിരം രൂപയും, എൺപത് വയസ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രതിമാസം മൂവായിരത്തി അഞ്ഞൂറ് രൂപയും അധിക പെൻഷനായി നൽകാവുന്നതാണ്:

എന്നുതന്നെയുമല്ല, ഈ ആക്റ്റ് പ്രകാരം ഒരു അംഗത്തിന് അർഹമായ പരമാവധി പെൻഷൻ പ്രതിമാസം മൊത്തം അൻപതിനായിരം രൂപയിൽ കവിയാൻ പാടുള്ളതല്ല." .

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

നിയമസഭയിലെ മുൻ അംഗങ്ങളുടെ പെൻഷൻ അവസാനമായി പരിഷ്കരിച്ചത്, 2012-ലെ 5-ാം ആക്റ്റ് പ്രകാരം 2012-ലാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പെട്രോൾ, ഡീസൽ, വൈദ്യുതി, ടെലഫോൺ ചാർജ്ജുകൾ മുതലായവ ഉൾപ്പെടെ എല്ലാ സാധനങ്ങളുടേയും വില പലമടങ്ങ് വർദ്ധിച്ചു. മേൽപ്പറഞ്ഞവ പരിഗണിച്ച്, ബഹുമാനപ്പെട്ട സ്പീക്കർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച്, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, നിയമസഭയിലെ അംഗങ്ങൾ എന്നിവരുടെ ശമ്പളവും ബത്തകളും നിയമസഭയിലെ മുൻ അംഗങ്ങളുടെ പെൻഷനും ബത്തകളും എന്നിവയെപ്പറ്റി പഠനം നടത്തി അവ പരിഷ്കരിക്കുന്നതിനുവേണ്ടി ശിപാർശകൾ സമർപ്പിക്കുന്നതിനും 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റും 1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളും പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനുമായി കേരള ഹൈക്കോടതി റിട്ടയേർഡ് ജഡ്ജി ജസ്റ്റിസ് ജെ. എം. ജെയിംസിനെ നിയമിക്കുകയുണ്ടായി. ജസ്റ്റിസ് ജെ. എം. ജെയിംസ് കമ്മീഷൻ വിവിധ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് 2017 ആഗസ്റ്റ് 22-ന് സമർപ്പിച്ചു. കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ, നിയമസഭയിലെ മുൻ അംഗങ്ങൾക്ക് നൽകേണ്ടതായ പെൻഷൻ പരിഷ്കരിക്കുന്നതിനും 1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്റ്റിന് ആവശ്യമായ ഭേദഗതികൾ വരുത്തുവാനും തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിന്റെ 2-ാം ഖണ്ഡം, നിയമസഭയിലെ മുൻ അംഗങ്ങൾക്ക് നൽകേണ്ട യാത്രാ കൂപ്പണിന്റെ ആകെ മൂല്യം ഇരുപത്തിനാലായിരം രൂപയിൽനിന്നും എഴുപത്തി അയ്യായിരം രൂപയായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 3-ാം ഖണ്ഡം നിയമസഭയിലെ മുൻ അംഗങ്ങൾക്ക് നൽകേണ്ടതായ പെൻഷൻ നിരക്ക് വർദ്ധിപ്പിക്കുന്നതിന് പ്രധാന ആക്റ്റിന്റെ പട്ടിക ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

ഓപ്ഷൻ സമർപ്പിക്കുന്നതിന്മേലാണ് സൗജന്യ യാത്രാകൂപ്പണുകൾ മുൻ നിയമസഭാംഗങ്ങൾക്ക് നൽകുന്നത്. അതിനാൽ, ഇതിനായി വേണ്ടിവരുന്ന കൃത്യമായ അധിക ചെലവ് കണക്കാക്കാൻ സാധിക്കുന്നതല്ല. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ ഇത് നടപ്പിലാക്കുന്നതിനായി ഗണ്യമായ ഒരു തുക ആവർത്തക ചെലവായി ഉണ്ടാകുന്നതാണ്. ഇതുവഴി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ഉണ്ടായേക്കാവുന്ന ചെലവ് ഏതെങ്കിലും ന്യായമായ നിലയിൽ കൃത്യതയോടെ ഈ ഘട്ടത്തിൽ കണക്കാക്കുവാൻ സാധിക്കുന്നതല്ല.

എ. കെ. ബാലൻ.

(ശരിത്തർജ്ജമ)

# 1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1976-ലെ 46-ാം ആക്റ്റ്)

** ** ** **

2 ബി. മുൻ നിയമസഭാംഗങ്ങൾക്കുള്ള സൗജന്യ യാത്രാ കൂപ്പണുകൾ.—(1) ഇതിലേക്കായി ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് വിധേയമായി 2-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (i)-ാം ഖണ്ഡത്തിലോ (ii)-ാം ഖണ്ഡത്തിലോ (iii)-ാം ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള പ്രകാരം ഒരംഗമായി സേവനമനുഷ്ഠിച്ചിട്ടുള്ള ഏതൊരാൾക്കും അങ്ങനെയുള്ള മുൻ അംഗത്തിന്റെ ഇച്ഛാനുസരണം 12 കലണ്ടർ മാസത്തേക്ക് ആകെ ഇരുപത്തിനാലായിരം രൂപ മൂല്യമുള്ള താഴെപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സൗജന്യ യാത്രാ കൂപ്പണുകൾ നൽകാവുന്നതാണ്, അതായത്:—

** ** ** **

### പട്ടിക

[2(1)-ാം വകുപ്പ് *കാണുക*]

### പെൻഷൻ നിരക്ക്

| *കാലാവധി* | *പ്രതിമാസമുള്ള പെൻഷൻ നിരക്ക് (രൂപ)* |
|---|---|
| രണ്ടു വർഷത്തിൽ താഴെയുള്ള ഏത് കാലയളവിലേക്കും | 6,000 |
| മൊത്തം രണ്ടു വർഷത്തേക്ക് | 7,000 |
| മൊത്തം മൂന്നു വർഷത്തേക്ക് | 8,000 |
| മൊത്തം നാല് വർഷത്തേക്ക് | 9,000 |
| മൊത്തം അഞ്ച് വർഷത്തേക്ക് | 10,000 |

എന്നാൽ, ഏതെങ്കിലും ആൾ 2-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം അഞ്ചുവർഷത്തിൽ കൂടുതൽ കാലയളവിൽ ഒരംഗമായി സേവനമനുഷ്ഠിച്ചിട്ടുള്ളപക്ഷം അഞ്ചു വർഷത്തിൽ കൂടുതൽ വരുന്ന ഓരോ വർഷത്തേക്കും പ്രതിമാസം എഴുനൂറ്റി അൻപത് രൂപ അധിക പെൻഷനായി അദ്ദേഹത്തിന് നൽകേണ്ടതാണ് :

എന്നുമാത്രമല്ല, പെൻഷന്  അർഹമായ മൊത്തം കാലയളവ് കണക്കാക്കുമ്പോൾ അർദ്ധവർഷവും അതിനുമുകളിലുമുള്ള കാലയളവും അടുത്ത പൂർണ്ണവർഷമായി കണക്കാക്കേണ്ടതാണ്:

എന്നുതന്നെയുമല്ല, മുൻ അംഗങ്ങൾക്ക് എഴുപത് വയസ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രതിമാസം രണ്ടായിരത്തി അഞ്ഞൂറ് രൂപയും, എൺപത് വയസ് പൂർത്തിയാകുന്ന മുറയ്ക്ക് മൂവായിരം രൂപയും തൊണ്ണൂറ് വയസ് പൂർത്തിയാകുന്ന മുറയ്ക്ക് മൂവായിരത്തി അഞ്ഞൂറ് രൂപയും അധിക പെൻഷനായി നൽകേണ്ടതാണ്:

എന്നുതന്നെയുമല്ല, ഈ ആക്റ്റ് പ്രകാരം ഒരു അംഗത്തിന് അർഹമായ പരമാവധി പെൻഷൻ പ്രതിമാസം മൊത്തം മുപ്പത്തിയയ്യായിരം രൂപയിൽ കവിയാൻ പാടുള്ളതല്ല.

---